NISH

**NIDAS: 19**

# Disaster Preparedness among People with Disabilities with specific reference to Intellectually Impaired

## FREQUENTLY ASKED QUESTIONS

1. കെട്ടിടത്തിനകത്തോ മറ്റോ ഇരിക്കുന്ന ഭിന്നശേഷിക്കാർക്ക് പെട്ടെന്നുണ്ടാകുന്ന അപകടത്തിൽ നിന്നും എങ്ങനെ രക്ഷപെടാനാകും?

   കെട്ടിടത്തിനകത്തെ സുരക്ഷിത സ്ഥലങ്ങൾ മുൻകൂട്ടി അറിഞ്ഞിരിക്കുകയും ഭിന്നശേഷിക്കാരെ പറഞ്ഞു മനസ്സിലാക്കിപ്പിക്കുകയും ചെയ്യുക. വിവിധ ദുരന്തങ്ങളിൽ വിവിധ മാർഗങ്ങളാണ് സ്വീകരിക്കേണ്ടത്.

   ഉദാ: ഭൂമികുലുക്കത്തിൽ വീടിനുള്ളിൽ ആണെങ്കിൽ മേശക്കു അടിയിലോ കട്ടിലിനടിയിലോ അഭയം പ്രാപിക്കേണ്ടതുണ്ട്. ഇത് സ്കൂളിലാണെങ്കിലും ബാധകമാണ്. കോണുകളുടെ സമീപത്തും ഒരു പരിധിവരെ സുരക്ഷിതരാകാം.

2. നിലവിൽ ഭൂകമ്പം തീപിടിത്തം എന്നിങ്ങനെ ഉള്ള അപകടങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്ന എന്തെല്ലാം സംവിധാനങ്ങൾ നിലവിൽ ഉപയോഗിക്കുന്നുണ്ട് ?

   മുന്നറിയിപ്പ് സംവിധാനങ്ങൾ വളരെ അധികം പുരോഗമിച്ചിട്ടുണ്ട്. മഴ, കാറ്റു, സൈക്ലോൺ, സുനാമി എന്നീ ദുരന്തങ്ങൾ മുൻകൂട്ടി പ്രവചിക്കാൻ നമുക്ക് കഴിയും. കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ് ഇത് നമ്മുടെ സംസ്ഥാനത്തിൽ മറ്റു ജില്ലകളിലേക്കും, മാധ്യമങ്ങൾക്കും നൽകുന്നത്. ഇത് കൂടാതെ റേഡിയോ, ടി വി, വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷൻസിൽ എല്ലാം മുന്നറിയിപ്പ് ലഭിക്കുന്നതാണ്. ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് മുന്നറിയിപ്പ് സംവിധാനങ്ങൾ വളരെ പ്രയോജനപ്രഥമാണ്.

1. സർക്കാരിന്റെ ഭാഗത്ത് നിന്ന് എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിൽ ഭിന്നശേഷിക്കാരുടെ ദുരന്ത നിവാരണത്തിനായി രൂപീകരിച്ചിട്ടുള്ളത് ?

    കേരളത്തിൽ ദുരന്ത നിവാരണത്തിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത് റവന്യൂ - ദുരന്ത നിവാരണ വകുപ്പാണ്. അതുപോലെ തന്നെ കേന്ദ്ര ദുരന്ത നിവാരണ നിയമം അനുശാസിക്കുന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ അദ്ധ്യക്ഷൻ ബഹു. മുഖ്യ മന്ത്രിയാണ്. ഭിന്നശേഷിക്കാരെ സംബന്ധിച്ച് ഒരു പദ്ധതി 2015 ൽ ഈ അതോറിറ്റി രൂപം നൽകുകയുണ്ടായി. ഇതിൽ ഭിന്നശേഷിക്കാരെ പ്രത്യേക പരിശീലനങ്ങൾക്ക് വിധേയരാക്കാനും അവരെ ദുരന്ത നിവാരണത്തിൽ ശാക്തീകരിക്കുന്നതിനും സർക്കാർ ശ്രമിക്കുന്നു. ഇതിലൂടെ 14 ജില്ലയിലുമുള്ള ഭിന്നശേഷിക്കാരെ പരിശീലിപ്പിക്കാൻ ബ്രയിൽ ലിപിയിലുള്ള ലഘുലേഖകൾ തയ്യാറാക്കി കഴിഞ്ഞു. ആംഗ്യ ഭാഷയിലും ഇത് ലഭ്യമാണ്. അതുകൂടാതെ വിഡിയോകൾ, ചിത്രങ്ങൾ, കളികൾ എന്നിവയും അതോറിറ്റി പുറത്തിറക്കിയിട്ടുണ്ട്. ഇതെല്ലാം പൊതുജനത്തിന് ലഭ്യമാണ്.

2. ഏതെല്ലാം തരം ദുരന്തങ്ങളാണ് പ്രധാനമായും ഉള്ളത്?

    കേരളം ബഹുവിധ ദുരന്ത സാധ്യതയുള്ള സംസ്ഥാനമാണ്. വെള്ളപ്പൊക്കം, ഇടിമിന്നൽ, തീപിടുത്തം, വരൾച്ച എന്നിങ്ങനെ 17 തരം പ്രകൃതി ദുരന്തങ്ങൾക്കും, 22 തരം മനുഷ്യ നിർമിത ദുരന്തങ്ങൾക്കും സാധ്യതയുള്ളതാണ് നമ്മുടെ സംസ്ഥാനം. ദുരന്തങ്ങൾ ഒഴിഞ്ഞുള്ള സംസ്ഥാനത്തേക്കാൾ ദുരന്തങ്ങളെ എങ്ങനെ പ്രതിരോധിക്കാം എന്ന് അറിഞ്ഞിരിക്കുകയാണ് ഏറ്റവും ഉത്തമം. കണക്കുകൾ സൂചിപ്പിക്കുന്നത് ദുരന്തങ്ങൾ കൂടുന്നതായിട്ടാണ്. ഇതിനു പല കാരണങ്ങൾ നമുക്ക് മനസ്സിലാക്കാം. കാലാവസ്ഥാ വ്യതിയാനം മൂലവും ദുരന്തങ്ങൾ വർദ്ധിച്ചിട്ടുണ്ട്.

3. നിലവിൽ ഏതെങ്കിലും ഏജൻസികൾ ഇവർക്ക് പരിശീലന പരിപാടികൾ നടത്തുന്നുണ്ടോ ? ഉണ്ടെങ്കിൽ അവ ഏതെല്ലാം ?

സർക്കാർ തലത്തിൽ മുകളിൽ പറഞ്ഞ പദ്ധതി മാത്രമേ ഉള്ളൂ. ഭിന്നശേഷിക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ പരിശീലനങ്ങൾ അതോറിറ്റി നൽകിയിട്ടുണ്ട്.

4. എമർജൻസി കിറ്റിൽ എന്തെല്ലാം ഉണ്ടായിരിക്കണം ?

- ടോർച്ചും ബാറ്ററിയും
- വെള്ളം
- മരുന്നുകൾ
- കത്തി / ബ്ലേഡ്
- ഉടുപ്പുകൾ
- ഡ്രൈ സ്നാക്സ്
- വിലയേറിയ രേഖകൾ
- റേഡിയോയും ബാറ്ററിയും
- മൊബൈലും ചാർജറും
- മരുന്നുകൾ
- ഭിന്ന ശേഷിക്കാരുടെ ഉപകരണങ്ങൾ

5. എമർജൻസി നമ്പറുകൾ

- പോലീസ് - 100
- ഫയർ ആൻഡ് റെസ്ക്യൂ - 101
- റെയിൽവേ കാൾസെന്റർ - 139
- അംബുലൻസ് - 102 & 108
- ക്രൈം സ്റ്റോപ്പർ സെൽ - 1090
- കേരള ഗവർമെന്റ് കാൾ സെന്റർ - 155300
- ചൈൽഡ് ലൈൻ - 1098
- ബ്ലഡ്ബാങ്ക് - 1910
- വിമൻസ് സേഫ്റ്റി - 1091
- ട്രാഫിക് ഹെൽപ്പ് ലൈൻ - 1099

- സ്റ്റേറ്റ് ഡിസാസ്റ്റർ കൺട്രോൾ റൂം - 1077
- ഡിസ്ട്രിക്റ്റ് ഡിസാസ്റ്റർ കൺട്രോൾ റൂം - 1070
- റെയിൽ അലേർട്ട് - 9846200100
- പോലീസെ ഹെൽപ്പ് ലൈൻ - 04713943000
- സേഫ്റ്റി ഓൺ നാഷണൽ ഹൈവേ - 9846100100
- എസ്.ഡി.എം.എ. കൺട്രോൾ റൂം - 04712331639

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ടവർ**

1. ജോ ജോൺ ജോർജ്
   സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫീസർ
   യു.എൻ.ഡി.പി പ്രൊജക്റ്റ്, എസ്.ഇ.ഓ.സി
   എസ്.ഡി.എം.എ തിരുവനന്തപുരം. ഫോൺ- 9947756700

2. രജിത എൽ
   സോഷ്യൽ വർക്കർ ഫോൺ- 0471-3066638
   നിഷ്, തിരുവനന്തപുരം.